# Prime Minister participates in the birth centenary celebrations of 'Jatir Pita' Bangabandhu, Sheikh MujiburRahman

March 17, 2020

## 'ജതിർ പിതാ' ബംഗബന്ധു , ഷെയ്ഖ് മുജബിർ റഹ്മാന്റെ ജന്മശതാബ്ദി ആഘോഷങ്ങളിൽ പ്രധാനമന്ത്രി പങ്കെടുത്തു.

മാർച്ച് 17, 2020

ഒരു വിഡിയോ സന്ദേശത്തിലൂടെ 'ജതിർ പിതാ ബംഗബന്ധു ഷെയ്ഖ് മുജാബിർ റഹ്മാന്റെ ജന്മശതാബ്ദി ആഘോഷങ്ങളിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി പങ്കെടുത്തു.
കഴിഞ്ഞ നൂറ്റാണ്ടിലെ മഹത്തായ വ്യക്തിത്വങ്ങളിൽ ഒരാളാണ് ഷെയ്ഖ് മുജാബിർ റഹ്മാൻ എന്ന് ശ്രീ മോഡി അഭിപ്രായപ്പെട്ടു, കൂടാതെ "അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ നമുക്കെല്ലാവർക്കും പ്രചോദനമായിരുന്നു" അദ്ദേഹം പറഞ്ഞു.

ബംഗബന്ധു ധൈര്യത്തിന്റെയും, ദൃഢപ്രത്യയ ശാസ്ത്രങ്ങളുടെയും സമാധാനത്തിന്റെയും ആൾരൂപമായിരുന്നു ബംഗബന്ധു എന്നും, ബംഗ്ലാദേശിന്റെ 'ജതിർ പിതാ' ആയാ ഇദ്ദേഹം രാജ്യത്തിന് സ്വാതന്ത്ര്യം നേടുന്നതിനുള്ള വെല്ലുവിളികൾ നേരിടുന്ന സമയങ്ങളിൽ യുവ തലമുറയെ വളരെയധികം സ്വാധീനിച്ചുവെന്നും പ്രധാനമന്ത്രി മോഡി പറഞ്ഞു.
'ബംഗ്ലാ ഭൂമിയിലെ' ഭരണക്രമം വളരെ അടിച്ചമർത്തുന്നതും ക്രൂരവുമായിരുന്നുവെന്നും, എല്ലാ ജനാധിപത്യ മൂല്യങ്ങളെയും നിരാകരിച്ചുകൊണ്ട് അന്യായമായ സ്ഥിതി വിശേഷം നടപ്പിലാക്കി, ജനജീവിതം നാശത്തിന്റെ വക്കിലെത്തിച്ചിരുന്നു, ബംഗബന്ധു അദ്ദേഹത്തിൻറെ ജീവിതത്തിലെ ഓരോ നിമിഷങ്ങളും ബംഗ്ലാദേശിനെ തകർച്ചയിൽ നിന്നും രക്ഷപെടുത്തുന്നതിനും അതിനെ അനുകൂലവും പുരോഗമനപരവുമായ സമൂഹമാക്കി മാറ്റിയെടുത്തുവെന്നും പ്രധാനമന്ത്രി സൂചിപ്പിപ്പിച്ചു.

വെറുപ്പും വിദ്വേഷവും ഒരു രാജ്യത്തിന്റെയും വികസനത്തിന് അടിത്തറ പാകിയിട്ടില്ലെന്നു ബംഗബന്ധുവിന് വ്യക്തമായിരുന്നു.എന്നാൽ അദ്ദേഹത്തിൻറെ ആശയങ്ങളും പരിശ്രമങ്ങളും ഇഷ്ടപെടാത്ത ചിലർ അദ്ദേഹത്തെ നമ്മിൽ നിന്നും അടർത്തിയെടുക്കുകയായിരുന്നു. പ്രധാന മന്ത്രി പറഞ്ഞു.

തീവ്രവാദം, വിപ്ലവം എന്നിങ്ങനെയുള്ള രാഷ്ട്രീയ നയതന്ത്ര ആയുധങ്ങൾ എങ്ങനെയാണ് സമൂഹത്തെയും രാജ്യത്തെയും നശിപ്പിക്കുന്നത് എന്നതിന് നമ്മൾ സാക്ഷ്യം വഹിച്ചതാണ് . തീവ്രവാദം വിപ്ലവം എന്നിവയെ പിന്തുണയ്ക്കുന്നവർ എവിടെയാണ് നിലവിൽ ഉള്ളത്, ഏത് അവസ്ഥയിലാണുള്ളത് എന്ന് ലോകം മൊത്തം

കണ്ടുകൊണ്ടിരിക്കുകയാണ്, എന്നാൽ ബംഗ്ലാദേശ് പുതിയ ഉന്നതങ്ങളിലേക്ക് എത്തുകയാണ്. ”ശ്രീ നരേന്ദ്ര മോഡി പറഞ്ഞു.

ഷെയ്ഖ് മുജാബിർ റഹ്മാൻ സ്വപ്നം കണ്ടത് പോലെ തങ്ങളുടെ രാജ്യത്തെ 'സ്വർണ ബംഗ്ലാവ്' ആക്കി മാറ്റുന്നതിന് ബംഗ്ലാദേശിലെ ജനങ്ങൾ രാവും പകലുമില്ലാതെ സ്വയം സമർപ്പിക്കുന്നത് കാണുന്നതിൽ വളരെയധികം സന്തോഷം തോന്നുന്നുവെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

ബംഗബന്ധുവിൽ നിന്നും പ്രചോദനം സ്വീകരിച്ചു, ഷെയ്ഖ് ഹസീനയുടെ നേതൃത്വത്തിൽ വികസന കേന്ദ്രീകൃത നയങ്ങളോടെയുള്ള ബംഗ്ലാദേശിന്റെ പുരോഗതിയിൽ പ്രധാന മന്ത്രി അഭിനന്ദനം അറിയിച്ചു. സാമ്പത്തികാവസ്ഥയിലോ മറ്റു സാമൂഹിക സൂചനകളിലോ അല്ലെങ്കിൽ കായിക മേഖലയിലോ ആണെങ്കിലും ബംഗ്ളാദേശ് പുതിയ നാഴികക്കല്ലുകൾ സൃഷ്ടിക്കുകയാണ്. കഴിവുകൾ, വിദ്യാഭ്യാസം, ആരോഗ്യം സ്ത്രീ ശാക്തീകരണം കൂടാതെ മൈക്രോഫിനാൻസ് തുടങ്ങിയ മേഖലകളിലെ ബംഗ്ലാദേശിലെ സ്ഥായിയായ പുരോഗതിയെ പ്രധാനമന്ത്രി പ്രശംസിച്ചു.

"കഴിഞ്ഞ കുറച്ചു വർഷങ്ങളായി ഇന്ത്യയും ബംഗ്ലദേശും ഉഭയകക്ഷി ബന്ധത്തിന്റെ സുവർണ ചരിത്രം എഴുതിക്കൊണ്ടിരിക്കുകയാണ് കൂടാതെ പങ്കാളിത്തത്തിനു പുതിയ ദിശയും മാനങ്ങളും നൽകുന്നു.രണ്ടു രാജ്യങ്ങളും തമ്മിലുള്ള അധികമായ വിശ്വാസം മൂലം സങ്കീർണമായ അതിർത്തി പ്രശനങ്ങൾ പോലും വളരെ സൗഹാർദ്ദപരമായ രീതിയിൽ തീർപ്പാക്കാൻ കഴിയുകയുണ്ടായി പ്രധാനമന്ത്രി പറഞ്ഞു.

ബംഗ്ലാദേശ് ഇന്ത്യയുടെ ദക്ഷിണ ഏഷ്യയിലെ ഏറ്റവും വലിയ വ്യാവസായിക പങ്കാളി മാത്രമല്ല വികസന പങ്കാളി കൂടിയാണ്. ബന്ധങ്ങൾ വികസിപ്പിക്കുന്ന തരത്തിൽ സഹകരണാടിസ്ഥാനത്തിലുള്ള വൈദ്യുത വിതരണം, സൗഹൃദ പൈപ്പ്ലൈൻ, റോഡ്, റെയിൽ, ഇന്റർ നെറ്റ്, വ്യോമ-ജല ഗതാഗത മാർഗങ്ങൾ എന്നിവയിലൂടെ രണ്ടു രാജ്യങ്ങളിലെയും ആളുകൾ കൂടുതൽ ബന്ധം സ്ഥാപിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

രണ്ടു രാജ്യങ്ങളിലെയും വിജ്ഞാനികളുടെ പാരമ്പര്യം ടാഗോർ, ഖാസിനസ്രുൽ ഇസ്ലാം, ഉസ്താദ് അലാവുദ്ദീൻ ഖാൻ, ലലോൺ ഷാ, ജിബാനന്ദ ദാസ്, ഈശ്വർ ചന്ദ്ര വിദ്യാസാഗർ എന്നിവരിൽ നിന്നും തുടങ്ങുന്നുവെന്നും പ്രധാനമന്ത്രി സൂചിപ്പിച്ചു.

ബംഗാ ബന്ധുവിന്റെ പാരമ്പര്യവും പ്രചോദനവും രണ്ടു രാജ്യങ്ങളിലെയും സമഗ്രവും ആഴത്തിലുള്ളതുമാക്കി മാറ്റി കൂടാതെ കഴിഞ്ഞ ദശാബ്ദത്തിൽ ബംഗബന്ധു തെളിച്ച വഴി പങ്കാളിത്തം, പുരോഗതി, സമൃദ്ധി എന്നിവയ്ക്കായുള്ള ശക്തമായ അടിത്തറ പാകിയെന്നും അദ്ദേഹം പറഞ്ഞു.

രണ്ടു രാജ്യങ്ങളിലെയും ഇനി വരാനുള്ള നാഴിക കല്ലുകളെക്കുറിച്ച് പരാമർശിക്കുമ്പോൾ അടുത്ത വര്ഷം ബംഗ്ലാദേശ് ലിബറേഷന്റെ 50 മത് വാർഷികവും 2022 ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75 മത് വാർഷികവുമാണ്. ഈ നാഴികക്കല്ലുകൾ ഇന്ത്യയിലും ബംഗ്ലാദേശിലും പുതിയ നേട്ടങ്ങൾ നൽകുക മാത്രമല്ല, രണ്ടു രാജ്യങ്ങളിലെയും സൗഹൃദ ബന്ധം ശക്തമാക്കുകയും ചെയ്യുമെന്നും പ്രധാനമന്ത്രി ആത്മവിശ്വാസം പ്രകടിപ്പിച്ചു.

**ന്യൂ ഡൽഹി**
**17 മാർച്ച്, 2020**

DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.